# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ഫോൺ 2369007, 2369196
2369143, 2369149
2369197, 2369069
ഫാക്സ് 91484-2369023

കോർപ്പറേഷൻ ഓഫീസ്
പി.ബി നമ്പർ 1061
എറണാകുളം, കൊച്ചി 682 011

Date: 26/07/2016.

## സദയം പ്രസിദ്ധീകരണത്തിന്

ഫോർട്ടുകൊച്ചി-വൈപ്പിൻ റൂട്ടിൽ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് നഗരസഭ വികേന്ദ്രീകൃതാസൂത്രണ പദ്ധതി 2015-16-ൽ ഉൾപ്പെടുത്തി 1.76 കോടി ചിലവഴിച്ച് പുതിയ ബോട്ട് നിർമ്മിക്കുന്നത് പദ്ധതി തയ്യാറാക്കി. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നൂതന രീതിയിൽ രണ്ട് എഞ്ചിനുള്ളതും 150 പേർക്ക് യാത്ര ചെയ്യാവുന്നതുമായിട്ടുള്ള സ്റ്റീൽ ബോട്ടാണ് നിർമ്മിക്കുന്നത്. കൊച്ചി അഴിമുഖത്ത് സുരക്ഷിതമായി യാത്ര ചെയ്യുന്നതിനായി പ്രത്യേകം ഡിസൈൻ ചെയ്തിട്ടുള്ള ബോട്ടാണ് നിർമ്മിയ്ക്കുന്നത്. ടി ബോട്ട് കേരള ഷിപ്പിംഗ് & ഇൻലാൻറ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡാണ് നിർമ്മിക്കുന്നത് ബോട്ടിൻെറ നിർമ്മാണം മേൽനോട്ടം വഹിക്കുന്നതിന് സർക്കാർ പ്രതിനിധിയായി തുറമുഖ വകുപ്പിൻെറ ചീഫ് സർവ്വേയർ ശ്രീ.പി.കെ.അജയനെയും നഗരസഭയുടെ പ്രതിനിധിയായി കളമശ്ശേരി കുസാറ്റിലെ നേവൽ ആർക്കിടെക് & അസോസ്സിയേറ്റ് പ്രൊഫസർ ഡോ: എസ്.കെ.പ്യാരിലാലിനെയും ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ടി ബോട്ടിൻെറ കീലിടൽ കർമ്മം 26.06.2016 ചൊവ്വാഴ്ച രാവിലെ 10.30-ന് തോപ്പുംപടി KSINC യുടെ യാർഡിൽ വച്ച് ബഹു.മേയർ ശ്രീമതി.സൗമിനി ജെയിൻ നിർവ്വഹിച്ചു.

ചടങ്ങിൽ ഡെപ്യൂട്ടി മേയർ ശ്രീ.ടി.ജെ.വിനോദ്, സ്ഥിരം സമിതി അദ്ധ്യക്ഷൻമാരായ ശ്രീമതി. ഗ്രേസി ജോസഫ്, ശ്രീ.എ.ബി.സാബു, ശ്രീമതി.ഷൈനി മാത്യു, കൗൺസിലർമാരായ ശ്രീ.കെ.ജെ.ആൻറണി, ശ്രീ.കെ.കെ.കുഞ്ഞച്ചൻ നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ.കെ.എസ്.ശശികുമാർ, തുറമുഖ വകുപ്പ് ചീഫ് സർവ്വേയർ ശ്രീ.പി.കെ.അജയൻ, കുസാറ്റ് നേവൽ ആർക്കിടെക് & അസോസിയേറ്റ് പ്രൊഫസർ ഡോ.പ്യാരിലാൽ, KSINC മാനേജർ ശ്രീ.അനൂപ്കുമാർ എന്നിവർ പങ്കെടുത്തു.

OFFICE OF THE CORPORATION OF COCHIN ERANAKULAM, COCHIN-11

സെക്രട്ടറി